**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1330</u>** **<u>10-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ആലപ്പുഴ മണ്ഡലത്തിലെ ടൂറിസം വകുപ്പ് പ്രവൃത്തികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളതും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുള്ളതും ടൂറിസം വകുപ്പ് നിർവഹണ ഏജൻസി ആയിട്ടുള്ളതുമായ ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **ഈ സർക്കാർ വന്ന ശേഷം വിനോദ സഞ്ചാര വകുപ്പ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും 20% ബജറ്റ് വിഹിതം ലഭിച്ചതുമായ, ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**2022 - 23 ബജറ്റ് വിഹിതം**<br><br>1. **<u>റെനോവേഷൻ ഓഫ് ടൂറിസം കൾച്ചറൽ സെന്റർ (ടൗൺ സ്ക്വയർ) & കൺസ്ട്രക്ഷൻ ഓഫ് മിനി കൺവൻഷൻ സെന്റർ</u>**: 2022–23 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന പദ്ധതിക്ക് മൂന്ന് കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ പദ്ധതിക്കായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്) തയാറാക്കിയതും 4.50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദ പദ്ധതി രേഖയും (DPR) തയ്യാറാക്കിയിരിക്കുന്നു. ഇത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>**2023 - 24 ബജറ്റ് വിഹിതം**<br><br>**1. <u>മാരാരി ടൂറിസം പദ്ധതി (ഉത്തരവാദിത്വ ടൂറിസം):</u>** 2023 - 24 സാമ്പത്തിക വർഷത്തെ ബജറ്റിലെ മരാമത്ത് പണികളുടെ വിശദവിവരങ്ങൾ അടങ്ങിയ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ടിൽ ഉൾപ്പെട്ട പദ്ധതിക്കായി 12 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദ പദ്ധതി രേഖയും (DPR) എസ്റ്റിമേറ്റും തൃശ്ശൂർ എൻജിനീയറിങ് കോളജിലെ സ്കൂൾ ഓഫ് ആർക്കിടെക്ചർ & പ്ലാനിങ് തയാറാക്കിയിരുന്നു. എന്നാൽ പദ്ധതിക്കുള്ള ഭൂമിയുടെ വിനിയോഗാനുമതി ലഭിച്ചിട്ടില്ല.<br><br>മാരാരി ബീച്ച് ടൂറിസം പദ്ധതിക്കായി മാരാരിക്കുളം ബീച്ചിന്റെ ഭാഗമായ, മാരാരിക്കുളം വടക്ക് വില്ലേജിൽ |

| | | | |
|---|---|---|---|
| | | | 662/2, 665/2, 675/1, 676/1 എന്നീ സർവേ നമ്പറുകളിൽ, യഥാക്രമം 9.19, 19.44, 9.88, 10.50 സെന്റ് വീതം വിസ്തീർണ്ണം വരുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിനിയോഗാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 30.08.2024ൽ ആലപ്പുഴ ജില്ലാ കലക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഈ സർവേ നമ്പറുകളിൽ ഉൾപ്പെടുന്നതും ആകെ 49.01 സെന്റ് വിസ്തീർണമുള്ളതുമായ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ പദ്ധതി പരിമിതപ്പെടുത്തി പുതിയ DPR സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**2. <u>പൂങ്കാവ് പള്ളി തീർഥാടന ടൂറിസം പദ്ധതി:</u>** 2023 - 24 സാമ്പത്തിക വർഷത്തെ ബജറ്റിലെ മരാമത്ത് പണികളുടെ വിശദവിവരങ്ങൾ അടങ്ങിയ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതിക്കായി രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദ പദ്ധതി രേഖ (DPR) തയാറാക്കിയിട്ടുണ്ട്. പ്രസ്തുത രൂപരേഖ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രവൃത്തികളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (ബി) | **ഈ സർക്കാർ വന്ന ശേഷം വിനോദ സഞ്ചാര വകുപ്പ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും 20% ബജറ്റ് വിഹിതം ലഭിച്ചതുമായ, ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**2022 - 23 ബജറ്റ് വിഹിതം**<br><br>1. **<u>റെനോവേഷൻ ഓഫ് ടൂറിസം കൾച്ചറൽ സെന്റർ (ടൗൺ സ്ക്വയർ) & കൺസ്ട്രക്ഷൻ ഓഫ് മിനി കൺവൻഷൻ സെന്റർ</u>**: 2022–23 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന പദ്ധതിക്ക് മൂന്ന് കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ പദ്ധതിക്കായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്) തയാറാക്കിയതും 4.50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദ പദ്ധതി രേഖയും (DPR) തയ്യാറാക്കിയിരിക്കുന്നു. ഇത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>**2023 - 24 ബജറ്റ് വിഹിതം**<br><br>**1. <u>മാരാരി ടൂറിസം പദ്ധതി (ഉത്തരവാദിത്വ ടൂറിസം):</u>** 2023 - 24 സാമ്പത്തിക വർഷത്തെ ബജറ്റിലെ മരാമത്ത് പണികളുടെ വിശദവിവരങ്ങൾ അടങ്ങിയ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ടിൽ ഉൾപ്പെട്ട പദ്ധതിക്കായി 12 കോടി രൂപ |

| | | | | |
|---|---|---|---|---|
| | | | | ചെലവ് പ്രതീക്ഷിക്കുന്ന വിശദ പദ്ധതി രേഖയും (DPR) എസ്റ്റിമേറ്റും തൃശൂർ എൻജിനീയറിങ് കോളജിലെ സ്കൂൾ ഓഫ് ആർക്കിടെക്ചർ & പ്ലാനിങ് തയാറാക്കിയിരുന്നു. എന്നാൽ പദ്ധതിക്കുള്ള ഭൂമിയുടെ വിനിയോഗാനുമതി ലഭിച്ചിട്ടില്ല.<br><br>മാരാരി ബീച്ച് ടൂറിസം പദ്ധതിക്കായി മാരാരിക്കുളം ബീച്ചിന്റെ ഭാഗമായ, മാരാരിക്കുളം വടക്ക് വില്ലേജിൽ 662/2, 665/2, 675/1, 676/1 എന്നീ സർവേ നമ്പറുകളിൽ, യഥാക്രമം 9.19, 19.44, 9.88, 10.50 സെന്റ് വീതം വിസ്തീർണ്ണം വരുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിനിയോഗാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 30.08.2024ൽ ആലപ്പുഴ ജില്ലാ കലക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഈ സർവേ നമ്പറുകളിൽ ഉൾപ്പെടുന്നതും ആകെ 49.01 സെന്റ് വിസ്തീർണമുള്ളതുമായ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ പദ്ധതി പരിമിതപ്പെടുത്തി പുതിയ DPR സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**2. <u>പൂങ്കാവ് പള്ളി തീർഥാടന ടൂറിസം പദ്ധതി:</u>** 2023 - 24 സാമ്പത്തിക വർഷത്തെ ബജറ്റിലെ മരാമത്ത് പണികളുടെ വിശദവിവരങ്ങൾ അടങ്ങിയ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതിക്കായി രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദ പദ്ധതി രേഖ (DPR) തയാറാക്കിയിട്ടുണ്ട്. പ്രസ്തുത രൂപരേഖ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ